LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ഭൂരഹിതർ

147(3027) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിച്ച ഭൂമിക്കായി അപേക്ഷ നൽകിയിട്ടുള്ള എത്ര ഭൂരഹിതരാണ് ഓരോ ജില്ലയിലുമുള്ളത്; വ്യക്തമാക്കുമോ;

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ അപേക്ഷ നൽകിയ എത്ര പേർക്ക് ഇനിയും ഭൂമി നൽകുവാനുണ്ട്; വ്യക്തമാക്കുമോ;

(സി) കൈവശ ഭൂമിക്ക് പട്ടയം നൽകുവാനുള്ള എത്ര അപേക്ഷകളാണ് ഓരോ ജില്ലയിലുമുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) മിച്ചഭൂമി ഏറ്റെടുത്തശേഷം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ വിജ്ഞാപനം നടത്തി അപേക്ഷകൾ സ്വീകരിക്കുകയും ലഭ്യമായ മിച്ചഭൂമി, അർഹരായ അപേക്ഷകർക്ക് കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വിതരണം ചെയ്യുകയുമാണ് ചെയ്യുന്നത്. ആയതിനാൽ മിച്ചഭൂമിയ്ക്കായി അപേക്ഷ നൽകി കാത്തിരിക്കുന്ന സ്ഥിതിയല്ല.

(ബി) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 36,491 പട്ടയങ്ങളും രണ്ടാം ഘട്ടത്തിൽ 6,946 പട്ടയങ്ങളും (ആകെ 43,437 പട്ടയങ്ങൾ) വിതരണം ചെയ്തിട്ടുണ്ട്. ഇനി 2,01,082 ഗുണഭോക്താക്കൾക്ക് ഭൂമി നൽകുവാനുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

കാസർകോട് ജില്ലയിൽ ഭൂമി പതിച്ചുനൽകാനുള്ള നടപടി

148(3028) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ താമസിച്ചുവരുന്ന എത്ര കുടുംബങ്ങൾക്കാണ് ഭൂമി പതിച്ചുനൽകാൻ ബാക്കിയുള്ളതെന്ന് വിശദമാക്കാമോ;

(ബി) പട്ടികജാതി -പട്ടികവർഗ്ഗ കോളനികളിൽ താമസിച്ചുവരുന്ന പ്രസ്തുത വിഭാഗത്തിലെ എത്ര കുടുംബങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭൂമി പതിച്ചുനൽകിയിട്ടുണ്ടെന്ന് താലൂക്ക്-വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇനിയും ഭൂമി നൽകാത്തവർക്ക് ആയത് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?